ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) 50% സീറ്റാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) രണ്ട് മാനേജ്മെന്റുകൾക്ക് സ്വീകാര്യമായിരുന്നില്ല. ഇല്ല. കർണ്ണാടക ഹൈക്കോടതി ഉത്തരവുണ്ടായിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) 50% എന്ന പ്രഖ്യാപിത നയം സർക്കാർ സ്വീകരിച്ചിട്ടുള്ളതുകൊണ്ട്.

(ജി) ശ്രീ. കെ. കെ. വേണുഗോപാൽ.

"സേ" പരീക്ഷ ജയിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം സാധ്യമാക്കാൻ നടപടി

159 (3722) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശനത്തിന് "സേ" പരീക്ഷ പാസ്സായി വന്ന വിദ്യാർത്ഥികളെ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) "സേ" പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ലഭിക്കാൻ വൈകിയത് കാരണം കൗൺസിലിംഗിന് പങ്കെടുക്കാൻ നിരവധി വിദ്യാർത്ഥികൾക്ക് കഴിഞ്ഞിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഒഴിവുള്ള സീറ്റുകളിലേക്കെങ്കിലും പ്രസ്തുത വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) "സേ" പരീക്ഷ എഴുതി ജയിക്കുന്ന വിദ്യാർത്ഥികൾക്കു കൂടി മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനം സാധ്യമാക്കുന്ന തരത്തിൽ പ്രസ്തുത പരീക്ഷാഫലം നേരത്തെ ആക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എഞ്ചിനീയറിംഗിന് അനുവദിച്ചിട്ടില്ല. എന്നാൽ മെഡിക്കലിന് പരിഗണിച്ചിട്ടുണ്ട്.

(ബി) "സേ" പരീക്ഷയുടെ ഫലം, എഞ്ചിനീയറിംഗ് അലോട്ട്മെന്റിന്റെ അവസാന ദിവസമായ ജൂൺ 30-ന് മാത്രമേ പ്രഖ്യാപിച്ചുള്ളു. അതിനാൽ "സേ" പരീക്ഷ പാസ്സായവരെ എഞ്ചിനീയറിംഗ് അലോട്ട്മെന്റിന് പരിഗണിക്കാൻ കഴിഞ്ഞില്ല. എന്നാൽ ജൂലൈ 2-ന് ആരംഭിച്ച മെഡിക്കൽ അലോട്ട്മെന്റിന് പരിഗണിച്ചിട്ടുണ്ട്. ഒരു വിഷയത്തിൽ തോറ്റതിന് ശേഷം "സേ" പരീക്ഷ എഴുതി യോഗ്യത നേടിയ വിദ്യാർത്ഥികളെ ഒന്നാം റൗണ്ട് അലോട്ട്മെന്റിന് പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനമുണ്ടായിരുന്നതിനാൽ ഈ വിഭാഗം വിദ്യാർത്ഥികളെ ആദ്യ റൗണ്ടിൽ പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) രണ്ടാം ഘട്ട അലോട്ട്മെന്റ് വേളയിൽ പുതുതായി അനുവദിച്ച കോളേജുകളിലെ ഒഴിവുകളിലേക്ക് "സേ" പരീക്ഷ പാസ്സായ വിദ്യാർത്ഥികളെ പരിഗണിക്കുന്നതാണ്.

(ഇ) പരിശോധിക്കാവുന്നതാണ്.

എസ്.ആർ.സി. സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം

160 (3723) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ആർ.സി. സ്റ്റേറ്റ് ലിറ്ററസി മിഷൻ അതോറിറ്റി എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(ബി) ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും അതിന് എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(സി) എസ്.ആർ.സി. സ്റ്റേറ്റ് ലിറ്ററസി മിഷൻ എന്നിവയുടെ പ്രവർത്തനത്തിൽ കൂടുതൽ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനായി പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനായി ഗവേണിങ്ങ് ബോഡി പുനഃസംഘടിപ്പിച്ചു. തുടർന്ന് സംസ്ഥാനത്ത് നടന്നുവരുന്ന തുടർ വിദ്യാഭ്യാസ പരിപാടികൾക്കാവശ്യമായ അക്കാഡമിക്/ടെക്നിക്കൽ റിസോഴ്സ് സപ്പോർട്ട് നൽകുവാനുതകുന്ന തരത്തിൽ എസ്.ആർ.സി.യുടെ പ്രവർത്തനങ്ങൾ സംസ്ഥാന ലിറ്ററസി മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ച് വരികയാണ്.

സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ കീഴിൽ നടന്നുവരുന്ന തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി പ്രധാനമായി താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്.

1. കേന്ദ്രങ്ങളുടെ ശാക്തീകരണ യജ്ഞം
2. അക്ഷര സൗഹൃദ സന്ദർശനം
3. അക്ഷര വിരുന്ന്
4. മൈക്രോപ്ലാനുകളുടെ രൂപീകരണം
5. പ്രേരക് സമാഗമം

LIBRARY ARCHIVES Kerala Legislative Assembly